## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.931 08.01.2014-ൽ മറുപടിക്ക്

### വെള്ളക്കരം ബാങ്ക് അക്കൗണ്ട് വഴി സ്വീകരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.ചിറ്റയം ഗോപകുമാർ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മൊത്തം എത്ര ജല ഉപഭോക്താക്കളുണ്ട് ഇവർക്ക് വെള്ളക്കരം അടയ്ക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) 30.09.2013 വരെയുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ഗാർഹിക ഗാർഹികേതര, വ്യാവസായിക വിഭാഗത്തിൽപ്പെട്ട മൊത്തം 15,73,896 ജല ഉപഭോക്താക്കൾ നിലവിലുണ്ട്. വെള്ളക്കരം നിലവിൽ അതാത് സെക്ഷൻ ഓഫീസുകളിൽ സ്വീകരിക്കുന്നതിനു പുറമേ, ഓൺ ലൈൻ മുഖേനയും, അക്ഷയ, ജനസേവന കേന്ദ്രങ്ങൾ വഴിയും പോസ്റ്റ് ഓഫീസുകൾ മുഖേനയും സ്വീകരിക്കുന്നുണ്ട്. |
| (ബി) കുടിവെള്ള ഉപഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടുകൾ നിർബന്ധമാക്കുന്നതിനും വെള്ളക്കരം ബാങ്കിലൂടെ സ്വീകരിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നുമുതൽ ഇത് പ്രാബല്യത്തിൽ വരുത്താനാണുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) ഇല്ല |

| | | | |
|---|---|---|---|
| (സി) | നിലവിൽ ജല അതോറിറ്റിയുടെ അക്കൗണ്ട് കൈകാര്യം ചെയ്യുന്ന ബാങ്ക് ഏതാണ്, വെള്ളക്കരം ഈടാക്കാനുള്ള ചുമതല ഏത് ബാങ്കിന് നൽകാനാണു- ദ്ദേശിക്കുന്നത്? | (സി) | നിലവിൽ ജല അതോറിറ്റിയുടെ അക്കൗണ്ട് കൈകാര്യം ചെയ്യുന്നത് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ആണ്. നിലവിൽ വെള്ളക്കരം ഈടാക്കുന്നത് ജല അതോറിറ്റിയാണ്. |

സെക്ഷൻ ഓഫീസർ